നമ്പർ. ജി.പി.(5)11910/2006. സഹകരണസംഘം രജിസ്ട്രാർ ആഫീസ്

തിരുവനന്തപുരം, 6/5/06

സർക്കുലർ നമ്പർ 18/2006

വിഷയം: സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ/ബൈലാ ഭേദഗതി - അപേക്ഷയോടൊപ്പം അപേക്ഷാ ഫീസിന്റെ ചെല്ലാൻ (അസ്സൽ) നൽകുന്നത് നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:

സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ/ബൈലാ ഭേദഗതി അംഗീകരിക്കുന്നതിനായി ലഭിക്കുന്ന ചില അപേക്ഷകളോടൊപ്പം നിശ്ചിത ഫീസ് ട്രഷറിയിൽ ഒടുക്കിയതിന്റെ ചെല്ലാൻ (അസ്സൽ) ഉള്ളടക്കം ചെയ്യുന്നതിനായി കാണുന്നില്ല. ചെല്ലാൻ പകർപ്പുകൾ മാത്രം ഉള്ളടക്കം ചെയ്ത് അപേക്ഷ ലഭിച്ചാൽ അത്തരം അപേക്ഷകൾ പരിഗണിക്കാൻ കഴിയില്ല. ആയതിനാൽ രജിസ്റ്ററിംഗ് അതോറിറ്റിയായ രജിസ്ട്രാർക്കോ/ജോയിന്റ് രജിസ്ട്രാർക്കോ അപേക്ഷ നൽകുമ്പോൾ നിയമാനുസൃതമുള്ള രജിസ്ട്രേഷൻ ഫീസ് ട്രഷറിയിൽ ഒടുക്കിയതിന്റെ ചെല്ലാൻ (അസ്സൽ) സഹിതം മാത്രമേ രജിസ്റ്ററിംഗ് അതോറിറ്റിമുമ്പാകെ അപേക്ഷ സമർപ്പിക്കാൻ പാടുള്ളുയെന്നും, അല്ലാതെയുള്ള അപേക്ഷകൾ പരിഗണിക്കില്ലെന്നും അറിയിക്കുന്നു. അസിസ്റ്റന്റ് രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ മുമ്പാകെ ലഭിക്കുന്ന അപേക്ഷകൾ ജോയിന്റ് രജിസ്ട്രാർ/രജിസ്ട്രാർ എന്നിവർക്ക് നൽകുമ്പോൾ അസ്സൽ ചെല്ലാൻ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്

വി.രഘുനാഥ്

സഹകരണസംഘം രജിസ്ട്രാർ ഇൻചാർജ്.

എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)മാർക്കും.

പകർപ്പ്

1. എല്ലാ പ്രാഥമിക കാർഷിക, കാർഷികേതര സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന.
2. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)മാർക്കും, (ജോയിന്റ് രജിസ്ട്രാർ മുഖേന)